# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1191 — 12.06.14 ൽ - മറുപടിക്ക്

## പുതിയ റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>" പി.സി. ജോർജ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി; വ്യക്തമാക്കുമോ; | (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 അടിസ്ഥാനമാക്കി പുതിയ കാർഡ് വിതരണം ചെയ്യുന്നതിനായി നിലവിലെ റേഷൻകാർഡ് പുതുക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പുതിയ കാർഡുകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) പുതിയ കാർഡുകളിൽ 18 വയസ്സിനു മുകളിലുള്ള സ്ത്രീ ആയിരിക്കും കാർഡുടമസ്ഥ. കുടുംബത്തിൽ 18 വയസ്സു തികഞ്ഞ സ്ത്രീ ഇല്ലായെങ്കിൽ മുതിർന്ന പുരുഷൻ, കുടുംബത്തിലെ സ്ത്രീക്ക് 18 വയസ്സാകുന്നതുവരെ റേഷൻകാർഡിന് ഉടമയായി തുടരും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന അവശ്യ സാധനങ്ങൾക്ക് വിതരണ തോത് രേഖപ്പെടു-ത്തുന്നതിന് പ്രത്യേക പേജുകൾ പുതിയ കാർഡിൽ ഉണ്ടായിരിക്കുന്നതാണ്. |
| (സി) അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങൾക്കും ബി.പി.എൽ കാർഡ് നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (സി) അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി കാർഡ് നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ